എന്റെ സംരംഭം നാടിന്റെ അഭിമാനം

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

പദ്ധതികളും സേവനങ്ങളും

കൈപ്പുസ്തകം

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

പദ്ധതികളും സേവനങ്ങളും

കൈപ്പുസ്തകം

ഉള്ളടക്കം

1. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് 06
2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)....07
3. സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്)....08
4. ആശ (ASHA- Assistant Scheme For Handicraft Artisans)....09
5. നാനോ സംരംഭങ്ങൾക്കുള്ള സഹായ പദ്ധതി....09
6. പി എം എഫ് എം ഇ (PMFME – PM Formalisation of Micro Food Processing Enterprises)....10
7. ഒരു കുടുംബം ഒരു സംരംഭം പദ്ധതി....11
8. സ്വകാര്യ വ്യവസായ പാർക്കുകൾ....11
9. സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി....12
10. എംഎസ്എംഇകളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി....14
11. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി....15
12. സംരംഭങ്ങളും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയും തമ്മിലുള്ള ലിങ്കേജ്....16
13. മാനുഫാക്ചറിംഗ് സ്റ്റാർട്ടപ്പ് കൾക്കുള്ള സഹായം....17
14. "ഗവണ്മെന്റ് ഇ-മാർക്കറ്റ്" (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം....18
15. State Sponsored Cluster Development Programme (SS-CDP)....18

സംരംഭർക്കുള്ള പ്രധാനപ്പെട്ട സഹായ പദ്ധതികൾ

1. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്

ഉല്പാദന മേഖലയിലും, സേവന മേഖലയിലും ആകെ മുതൽമുടക്ക് 10 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്ക് ഈപദ്ധതിയുടെ സഹായം ലഭിക്കും. വായ്പാബന്ധിത പദ്ധതിയാണിത്.

ഗുണഭോക്താവിന്റെ വിഭാഗം	സ്വന്തം മുതൽ മുടക്ക്	ബാങ്ക് വായ്പ	സബ്സിഡി നിരക്ക്
പൊതുവിഭാഗം	30%	40%	30%
മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, വിമുക്തഭടന്മാർ യുവസംരംഭകർ (40 വയസ്സ് വരെ))	20%	40%	40%

2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

തൊഴിലും ഉത്പാദനവും വര്ധിപ്പ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയുമുള്ള പദ്ധതി ചെലവിനമേൽ സബ്സിഡി നൽകുന്ന വായ്പാ ബന്ധിത പദ്ധതിയാണിത്. 10 ലക്ഷത്തിൽ കൂടുതലുള്ള ഉൽപ്പാദന സംരംഭങ്ങൾക്കും 5 ലക്ഷത്തിൽ കൂടുതലുള്ള സേവന സംരംഭങ്ങൾക്കും സംരംഭകൻ എട്ടാം ക്ലാസ്സ് പാസ്സായിരിക്കണം. അപേക്ഷയും അനുബന്ധ രേഖകളും **www.kviconline.gov.in**എന്ന വെബ്സൈറ്റിലൂടെ അയക്കാവുന്നതാണ്. ജില്ല വ്യവസായകേന്ദ്രം, KVIC, KVIB എന്നി ഏജൻസികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഗുണഭോക്താവിന്റെ വിഭാഗം	സ്വന്തം മുതൽ മുടക്ക്	ബാങ്ക് വായ്പ	സബ്സിഡി നിരക്ക്	
			നഗരം	ഗ്രാമം
പൊതുവിഭാഗം	10%	90%	15%	25%
മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷ വിഭാഗം, വിമുക്തഭടന്മാർ)	5%	95%	25%	35%

3. സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്)

ഉൽപ്പാദന മേഖലയിലെ സൂക്ഷ്മ – ചെറുകിട – ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണിത്.

സ്റ്റാർട്ടപ്പ്സപ്പോർട്ട്: ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് അനുവദനീയമായ സഹായത്തിന്റെ 50% പരമാവധി (മൂന്ന് ലക്ഷം രൂപ) സ്ഥാപനം ആരംഭിക്കുന്നതിന് മുൻപാtയി ധനസഹായം നൽകുന്നു. **നിക്ഷേപ സഹായം** സ്ഥിര നിക്ഷേപങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ ധനസഹായം നൽകുന്നു.

ക്രമ നമ്പർ	വിഭാഗം	സഹായം
1	ജനറൽ	15% (പരമാവധി 30 ലക്ഷം രൂപ)
2	വനിത/എസ്.സി/എസ്.ടി/ യുവസംരംഭകർ/NRK	25% (പരമാവധി 40 ലക്ഷം രൂപ)
3	മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾ	10% (പരമാവധി 10 ലക്ഷം രൂപ) അധിക ധന സഹായം നൽകുന്നു
4	പിന്നോക്ക ജില്ലകളിലെ സംരംഭങ്ങൾ	10% (പരമാവധി 10 ലക്ഷം രൂപ) അധിക ധന സഹായം നൽകുന്നു

സാങ്കേതിക വിദ്യാ സഹായം: സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിൻറെ 10% അധിക സബ്സിഡി നൽകുന്നു (പരമാവധി 10 ലക്ഷം രൂപ).

4. ആശ (ASHA- Assistant Scheme For Handicraft Artisans)

കരകൌശല മേഖലയിലുള്ള വിദഗ്ധ തൊഴിലാളികൾക്ക് ഈ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

ഗുണ ഭോക്താവിന്റെ വിഭാഗം	സഹായം (സ്ഥിര നിക്ഷേപത്തിൻറെ)
ജനറൽ	40% പരമാവധി 2 ലക്ഷം
യുവാക്കൾ (18-45 വയസ്സുള്ളവർ), സ്ത്രീകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം	50% പരമാവധി 3 ലക്ഷം

**അപേക്ഷകൻ കരകൗശല വിദഗ്ധ തൊഴിലാളിയായി രജിസ്റ്റർ ചെയ്തിരിക്കണം.

5. നാനോ സംരംഭങ്ങൾക്കുള്ള സഹായ പദ്ധതി

സ്ഥിര മൂലധന നിക്ഷേപം 10 ലക്ഷത്തിൽ താഴെയുള്ളതും വൈദ്യുതി ലോഡ് 5HP വരെയുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ വരുന്നതുമായ ഉൽപ്പാദന/സേവന സംരംഭങ്ങൾ.

- നാനോ സംരംഭങ്ങളുടെ സ്ഥിര മൂലധന വായ്പയിലെ അടച്ച പലിശയുടെ6% മുതൽ 8% വരെ താങ്ങ് പലിശയായി തുടർച്ചയായി 3 വർഷം തിരികെ നൽകുന്നു.
- പൊതു വിഭാഗത്തിന് 6%, വനിത, എസ്.സി/എസ്.ടി വിഭാഗത്തിന് 8% പലിശ തിരികെ നൽകുന്നു.



6. പി എം എഫ് എം ഇ (PMFME – PM Formalisation of Micro Food Processing Enterprises)

കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

- സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലെ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള സഹായം - സ്ഥിര മൂലധന നിക്ഷേപത്തിൻറെ 35% പരമാവധി 10 ലക്ഷം രൂപ.
- പൊതു അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം - FPOs/സ്വാശ്രയ സംഘങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/ പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ്/ സർക്കാർ ഏജൻസികൾ എന്നിവർക്ക് പദ്ധതി വിഹിതത്തിന്റെ 35% പരമാവധി 3 കോടി രൂപാ വരെ സഹായം.

7. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

സംരംഭ മേഖലയിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്ന തിനുള്ള പ്രത്യേക പദ്ധതി.

- ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ and/or പ്രവർത്തന മൂലധന വായ്പ), അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്.
- 1/4/2022-നോ അതിനുശേഷമോ പ്രവർത്തനം/ഉൽപ്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.

8. സ്വകാര്യ വ്യവസായ പാർക്കുകൾ

സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി വ്യാവസായിക ആവശ്യങ്ങൾക്കായി ലഭ്യമാക്കി അത് വഴി പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹന വും നൽകുന്നു.

- 10 ഏക്കറിലധികം വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടു കളിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വികസിപ്പി ക്കുന്നതിനുള്ള അനുമതി.
- 5 ഏക്കറിലധികം വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുക ളിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്കുള്ള അനുമതി.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് 3 കോടി രൂപ വരെ ധനസഹായം

9. സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി

പ്രവർത്തനനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നല്കുന്നതിനും നിലവിലുള്ള സംരംഭങ്ങളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടു വരുന്നതിന് പിന്തുണ നല്കുന്നതിനുള്ള പദ്ധതി.

- ഉല്പാദന മേഖലയിലോ സേവന മേഖലയിലോ ഏർപ്പെട്ടിരിക്കുന്ന എല്ലാ യൂണിറ്റുകൾക്കും അപേക്ഷിക്കാം
- മൂലധന നിക്ഷേപ സബ്സിഡി
  - വിപുലീകരണ പ്രവർത്തനങ്ങൾക്കായി വേണ്ടി വരുന്ന സ്ഥിര മൂലധന നിക്ഷേപത്തിന്റെ 30% വരെ സഹായം
  - ഒരു സംരംഭത്തിന് പരമാവധി സബ്സിഡി 100 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു
  - മൂലധന നിക്ഷേപ സബ്സിഡിക്ക്, ബാങ്ക് വായ്പ ആവശ്യമില്ല



- പ്രവർത്തന മൂലധന പലിശ സബ്സിഡി
    - ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പ്രവർത്തന മൂലധന വായ്പ എടുക്കുന്ന സംരംഭങ്ങൾക്ക് ആദ്യ 3 വർഷത്തേക്ക് 8% വരെ പലിശ ഇളവ്
    - 3 വർഷങ്ങളിലെയും പലിശ അടവുകൾ കൃത്യമായിരിക്കണം
    - പലിശയിളവ് റീഇംബേഴ്സ്മെന്റായി ആണ് നൽകുക
    - പരമാവധി സഹായം 30 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു
    - വ്യവസായ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പിൽ നിന്നോ സഹായം ലഭിച്ചിട്ടുള്ള സംരംഭങ്ങൾക്ക്, ലഭിച്ച സഹായത്തിന്റെ തുക കുറച്ചതിനു ശേഷം ബാക്കി ഉള്ള തുക ആയിരിക്കും ഈ പദ്ധതിക്ക് കീഴിൽ പരിഗണിക്കുക
- വിപുലീകരണ/ വികസന പ്രവർത്തനങ്ങൾ വ്യവസായം പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം ആയിരിക്കണം
- ഏതെങ്കിലും ധനകാര്യ സ്ഥാപനം, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കെഎസ്ഐഡിസി എന്നിവയിൽ നിന്ന് പ്രവർത്തന മൂലധന സൗകര്യം നേടിയിട്ടുണ്ടെങ്കിൽ മാത്രമേ യൂണിറ്റിന് പ്രവർത്തന മൂലധന സഹായത്തിന് അർഹതയുള്ളൂ.
- 01.01.2021 ന് ശേഷം വിപുലീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന യൂണിറ്റുകൾക്ക് ഈ സ്കീമിന് കീഴിൽ സഹായത്തിന് അർഹതയുണ്ട്

10. എംഎസ്എംഇകളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങളെ കയറ്റുമതി ആരംഭിക്കുന്നതിന് പ്രോത്സാഹനങ്ങൾ നൽകുന്നതിനുമുള്ള പ്രത്യേക പദ്ധതി

- അന്താരാഷ്ട്ര വ്യാപാര-പ്രദർശന മേളകളിൽ പങ്കെടുക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അഡ്മിഷൻ/ രജിസ്ട്രേഷൻ ചാർജുകളുടെ 75% (2.00 ലക്ഷം രൂപ വരെ) സഹായം
- ട്രേഡ് സാമ്പിളുകൾ അയയ്ക്കുന്നതിനുള്ള വിമാന ചരക്ക് / കൊറിയർ നിരക്കുകൾക്കു 5.00 ലക്ഷം രൂപ വരെ സഹായം
- കയറ്റുമതി ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യ വികസനം അല്ലെങ്കിൽ നവീകരണത്തിന് ആവശ്യമായ തുകയുടെ 40 % (60.00 ലക്ഷം രൂപ വരെ) സഹായം. യുവ/എസ്സി/എസ്ടി/വനിത/എൻആർകെ എന്നിവയ്ക്ക് 10% അധിക പിന്തുണ.
- ഗുണനിലവാരവും ഭക്ഷ്യസുരക്ഷാ മാനേജ്മെന്റും നടപ്പിലാക്കലും സർട്ടിഫിക്കേഷനും - മൊത്തം ചെലവിന്റെ 50% (പരമാവധി 25.00 ലക്ഷം രൂപ) വരെ സഹായം
- കയറ്റുമതി സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് 10% വരെ സഹായം

11. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

പ്രാദേശിക വിപണികളിൽ ഉത്പന്നങ്ങൾ വിൽക്കുന്ന സംരംഭങ്ങളെ സഹായിക്കാനുള്ള പദ്ധതി

- **25 ലക്ഷം രൂപ വരെ മൂലധന നിക്ഷേപം നിക്ഷേപമുള്ള എം എസ്എംഇകൾക്ക് അവയുടെ വിപണി വികസനത്തിനായി സഹായം**
- **ഉൽപ്പാദനം ആരംഭിച്ച തീയതി 2020 ഏപ്രിൽ 1-നോ അതിനു ശേഷമോ ആയിരിക്കണം**
- **ഉൽപ്പന്നം പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും/ വിൽക്കുന്നതിനും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം അനുവദിക്കും. പ്രതിമാസം 10,000 രൂപ പരിധിക്ക് വിധേയമായ മെയിന്റനൻസ് ചാർജുകൾ സഹായമായി നൽകും**

- സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ/എൻജിഒകൾ/മാളുകൾ/സൂപ്പർമാർക്കറ്റുകൾ എന്നിവയിൽ നിന്ന് വാടക/ലീസ് അടിസ്ഥാനത്തിൽ പ്രദർശനവും വിൽപ്പന സ്ഥലങ്ങളും - ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ യഥാക്രമം പ്രതിമാസം പരമാവധി **5,000/10,000/15,000** രൂപയ്ക്ക് വിധേയമായി വാടക/ലീസ് ചാർജുകൾ.
- ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിന്റെ വികസനം - ചെലവിന്റെ **50%** (**25,000** രൂപ വരെ)

12. സംരംഭങ്ങളും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയും തമ്മിലുള്ള ലിങ്കേജ്

ഗുണമേന്മയും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുക, യന്ത്രവൽക്കരണം വർദ്ധിപ്പിക്കുക, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സ്വീകരിക്കുക, മലിനീകരണം ലഘൂകരിക്കുക തുടങ്ങിയ മേഖലകളിൽ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരങ്ങൾ നൽകുന്നതിനുള്ള ഗവേഷണം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ ഗ്രാന്റ് നൽകുന്നു.

- റിസർച്ച് പ്രോഗ്രാമിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിദ്യാർത്ഥിക്കും **2022-23** സാമ്പത്തിക വർഷത്തിൽ പരമാവധി **6** മാസത്തേക്ക് പ്രതിമാസം **10,000** രൂപ ഗ്രാന്റ് ലഭിക്കും.
- ഷെഡ്യൂൾ ചെയ്ത സമയക്രമത്തെ അടിസ്ഥാനമാക്കി വിദ്യാർത്ഥികൾ പ്രോജക്റ്റ് പൂർത്തിയാക്കുമ്പോൾ, സർവകലാശാല ഗവേഷണ റിപ്പോർട്ട് സമർപ്പിക്കുന്നു.



13. മാനുഫാക്ചറിംഗ് സ്റ്റാർട്ടപ്പ് കൾക്കുള്ള സഹായം

ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുള്ള സ്റ്റാർട്ട് അപ്പ്കളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി.

- പദ്ധതി ചെലവിന്റെ 75% വരെ സഹായം (പരമാവധി 10 ലക്ഷം രൂപ)
- ആശയത്തിന്റെ വികസനം മുതൽ പ്രോട്ടോടൈപ്പ് വികസിപ്പി ക്കുന്നത് വരെയുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന ചെലവ് ആണ് പദ്ധതി ചെലവ് ആയി കണക്കാക്കുന്നത്
- നൂതന ആശയങ്ങൾ ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി അംഗീകരിക്കണം
- മൂന്നു ഘട്ടങ്ങളായാണ് സഹായം നൽകുന്നത്.

14. "ഗവൺമെന്റ് ഇ-മാർക്കറ്റ്" (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം

ഇന്ത്യാ ഗവൺമെന്റിന്റെ GeM പോർട്ടലിൽ MSME ഉൽപ്പന്നങ്ങളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതാണ് പദ്ധതി

- ജിഇഎം പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 1000 എംഎസ്എംഇകൾക്ക് മാത്രമായിരിക്കും സഹായം
- ഒരു സംരംഭത്തിന് GeM പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് 10,000 രൂപ വരെ ഇൻസെന്റീവ് ലഭിക്കും
- UDYAM പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉല്പാദന, സേവന മേഖലയിലെ എല്ലാ MSME-കൾക്കും ഈ സ്കീമിന് കീഴിൽ സഹായത്തിന് അർഹതയുണ്ട്

15. State Sponsored Cluster Development Programme (SS-CDP)

എംഎസ്ഇ ക്ലസ്റ്ററുകൾക്കായി കോമൺ ഫെസിലിറ്റി സെന്ററുകൾ (CFC) സ്ഥാപിക്കുന്നതിന്

- പദ്ധതി ചെലവിന്റെ 80% കേരളം സർക്കാർ വഹിക്കും, ബാക്കി 20% ക്ലസ്റ്ററിലെ അംഗങ്ങൾ ചേർന്ന് ഉണ്ടാക്കിയ കൺസോർഷ്യം വഹിക്കണം
- CFC യുടെ അനുവദനീയമായ പ്രോജക്റ്റ് ചെലവ് 5 കോടി രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു, അതിൽ ഭൂമി, കെട്ടിടം, പ്രാഥമിക ചെലവുകൾ, യന്ത്രങ്ങൾ & ഉപകരണങ്ങൾ, മറ്റ് സ്ഥിര ആസ്തികൾ, ജലവിതരണം, വൈദ്യുതി, വർക്കിംഗ് ക്യാപിറ്റൽ മാർജിൻ മണി എന്നിവ ഉൾപ്പെടുന്നു
- ഡി.പി.ആർ തയ്യാറാക്കുന്നതിന് 50,000 രൂപ വരെ സഹായം

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നൽകുന്ന മറ്റു പ്രധാന സേവനങ്ങൾ

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട- ഇടത്തരംസംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധസേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപസൗഹൃദസംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

അടിസ്ഥാന സൗകര്യ വികസനം: സംരംഭം ആരംഭിക്കാൻ ആവശ്യമായ ഭൂമി സംരംഭകർക്ക് ലഭ്യമാക്കുന്നതിനും അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ നല്കുന്നതിനുമായി വ്യവസായ വകുപ്പിന് വിവിധ ജില്ലകളിലായി വ്യവസായ എസ്റ്റേറ്റുകളും വ്യവസായ പാർക്കുകളും സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റുകളിൽ കാലോചിതമായ അടിസ്ഥാന സൗകര്യ വികസനവും അറ്റകുറ്റപ്പണികളും കാലാകാലങ്ങളിൽ നടത്തി വരുന്നുണ്ട്.

ബഹുനില വ്യവസായ എസ്റ്റേറ്റ്: കുറഞ്ഞ സ്ഥലത്ത് കൂടുതൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മുൻ നിർത്തി സംരംഭകർക്ക് വാടകയ്ക്ക് സ്ഥലവും മറ്റ് അടിസ്ഥാന സൌകര്യങ്ങളും നൽകുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമിച്ചു വരുന്നു.

പരിശീലന പരിപാടികൾ: സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധ ഘട്ടങ്ങളിൽ സംരംഭകർക്ക് ആവശ്യമായ ശേഷി വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭർക്കു ള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രീയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശ സ്ഥാപനങ്ങളിലേക്കും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേ ഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ നടത്തി വരുന്നു.

ഇ.ഡി. ക്ലബ്ബുകൾ: സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെ ടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു ണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ,കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘ ടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്

കെ-സ്വിഫ്റ്റ് പോർട്ടൽ : സംരംഭം തുടങ്ങുന്നതിനു വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള ഏകജാലക പോർട്ടൽ. കൂടാതെ 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്നും 3 വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയംസാക്ഷ്യപത്രം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ കെസ്വിഫ്റ്റ് പോർട്ടൽ വഴി ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു.

ക്ലസ്റ്റർ വികസന പദ്ധതി : സൂക്ഷ്മ -ചെറുകിട മേഖലയിൽ ഉല്പാദന ക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നു. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്ക് ആവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

പ്രദർശന മേളകൾ : സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സഹായിക്കുന്നതിനായി ജില്ലകളിൽ എം എസ് എം ഈ എക്സിബിഷനുകൾ നടത്തി വരുന്നു. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ മെഷീനറി എക്സ്പോയും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശനവിപണനത്തിനായി അഗ്രോ ഫുഡ് പ്രൊയും നടത്തി വരുന്നു

വാണിജ്യ മിഷൻ: സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, വാണിജ്യ മേഖലയിലെ സുസ്ഥിര വികസനത്തിനും കേരളത്തിൽ നിന്നുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങ ൾക്കായി ദേശീയ അന്തർ ദേശീയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനു മായി സംസ്ഥാന സർക്കാർ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട് .

പരാതി പരിഹാരം : സംരംഭങ്ങൾ ആരംഭിക്കുന്നതുമായി നടത്തി കൊണ്ട് പോകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും ആവശ്യമെന്ന് കണ്ടാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീക രിക്കുന്നതിനും ജില്ലാ സംസ്ഥാന തലങ്ങങ്ങളിൽ പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സേവനങ്ങൾ പൂർണമായും ഓൺലൈൻ: വിവര സാങ്കേതിക വിദ്യയി ൽ പ്രത്യേക പരിഗണന നൽകിക്കൊണ്ട് വിവിധ സേവനങ്ങളും, പദ്ധതികളും ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റും, ജില്ലാ വ്യവസായ കേന്ദ്രങ്ങളും താലൂക്ക് വ്യവസായ ഓഫീസുകളും സി എഫ് എസ് സി കളും പൂർണ്ണമായും ഇ ആഫീസ് സംവിധാനത്തിലേക്ക് മാറി കഴിഞ്ഞിട്ടുണ്ട് .

എം എസ് എം ഈ ക്ലിനിക്ക്: സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിതമാകുന്ന സംവിധാനം ആണ് എം. എസ്. എം. ഇ ക്ലിനിക്കുകൾ. ഇതിനായി ഓരോ ജില്ലകളിലും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്തരുടെ ഒരു പാനൽ ക്രമീകരിക്കുന്നു. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകരെ സംശയം ദുരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടികാഴ്ചയ്ക്കും സംശയദുരീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ്.

എം എസ് എം ഈ ഫെസിലിറ്റേഷൻ സെന്റർ : താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം എസ് എം ഈ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫെഷണൽ യോഗ്യതയുള്ള ഓരോ റിസോഴ്സ് പേഴ്സൻ വീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.

വ്യവസായ ജാലകം കേരള എം.എസ് എം.ഇ ജിയോ പോർട്ടൽ: വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണത്തിനും, ഇവർ നേരിടുന്ന പ്രതിബന്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും വ്യവസായ വികസന ഓഫീസർമാർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് വിവര ശേഖരണം നടത്തി വരുന്നു. കൂടാതെ ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് സംരംഭത്തിൻറെ സ്ഥാനം രേഖപ്പെടുത്തുന്നു. ഇതു പ്രകാരം ലഭിക്കുന്ന വിവരം സംസ്ഥാനാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഒരു വ്യവസായ ഭൂപടം സജ്ജീകരിച്ചിട്ടുണ്ട്. വ്യവസായ ജാലകം പോർട്ടലിലെ നിലവിലുള്ള സംരംഭങ്ങളുടെ വിവരങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇന്റേണുകൾ : ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിക്കുന്നതിനും സംരംഭകർക്ക് നേരിട്ടുള്ള കൈത്താങ്ങ് സഹായം നൽകുന്നതിനുമായി എല്ലാ പഞ്ചായത്ത്, മുനിസിപാലിറ്റി, കോർപറേഷൻ പ്രദേശങ്ങളിലും പ്രൊഫെഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്.

ഹെല്പ് ഡെസ്ക്: സംസ്ഥാനത്തെ 1034 പഞ്ചായത്ത്, മുനിസിപാലിറ്റി, കോർപറേഷൻ ഓഫീസുകളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. ഈ ഹെൽപ്പ് ഡെസ്ക്കുകൾ വഴി, പൊതുജനങ്ങൾക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും ഇന്റേണുകളുടെ സേവനം പ്രയോജനപ്പെടുത്താം.

ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടൽ: കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/ www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർശിയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.

ഭൌമസൂചിക പോർട്ടൽ: സംസ്ഥാനത്തെ ഭൌമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

ഡാറ്റ എൻട്രി പോർട്ടൽ : ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട് (www.yearofenterprises.kerala.gov.in).

ചാറ്റ് വിത്ത് മിനിസ്റ്റർ: വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അധികൃതരെ അറിയിക്കുവാനുള്ള സംവിധാനം. സംരംഭകർക്ക് അവരുടെ പരാതികൾ / അന്വേഷണങ്ങൾ 9846441445 എന്ന വാട്സാപ്പ് കോൺടാക്റ്റ് നമ്പറിലേയ്ക്ക് സന്ദേശമായിട്ട് അയക്കാവുന്നതാണ്. തുടർന്ന് ജില്ലാതല റിസോഴ്സ് പേഴ്സൺമാരുടെയും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന സംവിധാനത്തിലൂടെ പരമാവധി 7 ദിവസത്തെ സമയ പരിധിക്കുള്ളിൽ ഇത് പരിഹരിക്കുകയും ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്.

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

പദ്ധതികളും സേവനങ്ങളും

കൈപ്പുസ്തകം

എന്റെ സംരംഭം നാടിന്റെ അഭിമാനം